**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1987** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത നിക്ഷേപമാണ് കായിക അടിസ്ഥാന സൗകര്യവികസന രംഗത്ത് സർക്കാർ നടപ്പിലാക്കി വരുന്നത്. കിഫ്ബി ധനസഹായത്തോടെയും പ്ലാൻ/നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയുമാണ് ഈ പ്രവൃത്തികളെല്ലാം നടത്തി വരുന്നത്. സംസ്ഥാനത്ത് കായിക വിനോദത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ടർഫുകൾ, നീന്തൽക്കുളങ്ങൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിമ്മുകൾ തുടങ്ങിയവ നിർമ്മിക്കുകയും നിലവിലുള്ള സ്റ്റേഡിയങ്ങളെ നവീകരിച്ച് കായിക അടിസ്ഥാന സൗകര്യവികസനം എല്ലായിടത്തും ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കായികമേഖലയുടെ വികസനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനുള്ള ലക്ഷ്യമാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ വളർന്നു വരുന്ന കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷനുകൾ, ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം എന്നിവിടങ്ങളിലെ ആസ്തി വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. കായിക വകുപ്പ് ഏറ്റെടുത്തതിനെ തുടർന്ന് നിരവധി ആസ്തി വികസന പ്രവൃത്തികളാണ് പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കി വരുന്നത്. കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നടന്നു വരുന്ന ആസ്തി വികസന പ്രവർത്തനങ്ങളെ തുടർന്നും കാര്യക്ഷമമായി മുന്നോട്ടു കൊണ്ട് പോകുന്നതിനുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായിക വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഏകീകൃതവുമായ നടത്തിപ്പും, പരിപാലനവും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് ചെയ്തു വരുന്നത്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും നിലവാരമുള്ള കളിക്കളം ഒരുക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇതിന്റെ ഭാഗമായി ഒരുക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി അംഗീകരിച്ച കളിസ്ഥലങ്ങൾക്ക് 18.10.2023ലെ സ.ഉ (സാധാ) നം.305/2023/ക.യു.വ. പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതല പ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി പ്രകാരം 4 കളിക്കളങ്ങളുടെ പ്രവൃത്തി ആരംഭിക്കുകയും ആയതിൽ 1 കളിക്കളത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 23 കളിസ്ഥലങ്ങൾക്ക് എം.എൽ.എ ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ട് ലഭ്യമായ പ്രവർത്തികളിൽ 12 പ്രവർത്തികൾക്ക് സമഗ്ര ഭരണാനുമതി നൽകുകയും ആയതിൽ 3 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും, ഇൻഡോർ കോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ |

| | | | |
|---|---|---|---|
| | | | അന്തരീക്ഷം കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാനപരമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ് തുടങ്ങിയ സൗകര്യങ്ങൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, ശാരീരിക മാനസിക വ്യായാമത്തിനുള്ള സൗകര്യങ്ങൾ, പ്രാദേശിക കളികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവയാണ്. |
| (സി) | കളിക്കളങ്ങളുടെ പരിപാലനത്തിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ കായിക മുന്നേറ്റത്തിന് ഇത് എത്രത്തോളം സഹായകമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഓരോ കളിസ്ഥലങ്ങളും നിർമ്മാണം പൂർത്തിയായി ആദ്യ മൂന്ന് വർഷത്തേക്ക് കായികവകുപ്പ് പരിപാലിക്കുന്നതാണ്. ഇതിലേക്കായി ഓരോ പ്രവർത്തിയുടെയും എസ്റ്റിമേറ്റിന്റെ 3% തുക പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് കളിക്കളം ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുകയും അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത് ഉദ്ദേശമാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. വിവിധ ജീവിത ശൈലി രോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ കായികവും ശാരീരികവും മാനസികവുമായ വികാസത്തിനുള്ള സൗകര്യം ഒരുക്കുക വഴി ലോകാരോഗ്യ സംഘടനയുടെ 2030-ലെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പ്രധാനമായ പലതും കൈവരിക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ